# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5928** **09.07.2012 - ൽ മറുപടിയ്ക്ക്**

## പഴക്കം ചെന്ന പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) | കേരളത്തിലെ പഴക്കം ചെന്ന പി. ഡബ്ല്യു.ഡി റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിലുള്ള റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് 15.11.2011 ൽ സർക്കാർ ഉത്തരവ് നം. 1540/2011/PWD പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, എറണാകുളം ഉൾപ്പെടെ 44 റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണത്തിനായി 6.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 17 റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പാലക്കാട് പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | പാലക്കാട് പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |

Majid

സെക്ഷൻ ഓഫീസർ